# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 636 10.07.2014 ൽ മറുപടിയ്ക്ക്

### കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പരിശോധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി.കെ. നാണു | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള ഡാം സേഫ്റ്റി അതോറിറ്റി പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകൾ 12.05.2014 മുതൽ 14.05.2014 വരെയുള്ള തീയതികളിൽ പരിശോധിക്കുവാൻ ശ്രമിച്ചിരുന്നോയെന്നറിയിക്കുമോ; | (എ) | കേരള ഡാം സുരക്ഷ അതോറിറ്റിയുടെ 29.04.2014-ൽ ചേർന്ന 37-ാമത്തെ യോഗത്തിൽ പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ അണക്കെട്ടുകളിൽ 12/5/14, 13/5/14, 14/5/14 എന്നീ തീയതികളിൽ പരിശോധന നടത്തുവാൻ തീരുമാനിച്ചിരുന്നു. |
| (ബി) പ്രസ്തുത പരിശോധനയോട് തമിഴ്നാട് സർക്കാർ എങ്ങനെയാണ് പ്രതികരിച്ചതെന്ന് അറിയിക്കുമോ; | (ബി) | കേരള ഡാം സുരക്ഷ അതോറിറ്റിയുടെ പ്രസ്തുത പരിശോധനയുടെ ആവശ്യമില്ലായെന്നുള്ള നിലപാടാണ് തമിഴ്നാട് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |
| (സി) പരിശോധന നടത്താൻ വിസമ്മതം അറിയിച്ചുകൊണ്ട് തമിഴ്നാട് സർക്കാർ എന്തൊക്കെ കാരണങ്ങളാണ് ഉന്നയിച്ചത് എന്നറിയിക്കുമോ; | (സി) | പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ മൂന്ന് അണക്കെട്ടുകളും തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലും, നടത്തിപ്പിലും പരിപാലനത്തിലും ഉള്ളതാണെന്നും പ്രസ്തുത അണക്കെട്ടുകൾ കൃത്യമായി നല്ല രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടെന്നും അവ, പ്രവർത്തനക്ഷമമാണെന്നും, തമിഴ്നാട് ഡാം സേഫ്റ്റി ഡയറക്ടറേറ്റ് പ്രസ്തുത അണക്കെട്ടുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് അവ |

സുരക്ഷിതമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും തമിഴ്നാട് സർക്കാരിൽ നിന്നു ലഭിച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അണക്കെട്ടുകൾ സുരക്ഷിതമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ കേരള ഡാം സുരക്ഷ അതോറിറ്റി പ്രസ്തുത മൂന്നു അണക്കെട്ടുകളിലും പരിശോധന നടത്തേണ്ടുന്ന ആവശ്യമില്ല എന്നുള്ള നിലപാടാണ് തമിഴ്നാട് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഇപ്രകാരം വിസമ്മതം അറിയിച്ചത് എന്നാണ്; ഇക്കാര്യത്തിൽ എന്തൊക്കെ തുടർ നടപടികൾ ഏതൊക്കെ തീയതികളിലായി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) മുല്ലപ്പെരിയാർ (പെരിയാർ), പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തമിഴ്നാട് ഉയർത്തിയിട്ടുള്ള വാദഗതികൾ നിയമാനുസരണം നിലനിൽക്കുന്നതല്ലെന്നും; പ്രസ്തുത വാദഗതികൾ ശരിയല്ലെന്നും സൂചിപ്പിച്ചുകൊണ്ട് ചീഫ് എഞ്ചിനീയർ തലത്തിലും സർക്കാർ തലത്തിലും കേന്ദ്രജലകമ്മീഷന് യഥാക്രമം 17.02.2014, 22.02.2014 എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ട്. തമിഴ്നാട് സർക്കാരിന്റെ 07.05.2014-ലെ 10724/ISW1/2014-1 നമ്പർ കത്ത് പ്രകാരമാണ് പരിശോധനയ്ക്കുള്ള വിസമ്മതം അറിയിച്ചിട്ടുള്ളത്. പ്രസ്തുത കത്ത് 09.05.2014-ൽ സർക്കാരിൽ ലഭിക്കുകയും സർക്കാരിന്റെ 16.05.2014-ലെ 10388/ ISWC1/14/ WRD നമ്പർ കത്ത് പ്രകാരം ആവശ്യമായ നടപടികൾക്കായി കേരള ഡാം സുരക്ഷ അതോറിറ്റിയ്ക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. ഇതേത്തുടർന്ന് 28.05.2014-ൽ ചേർന്ന കേരള ഡാം സുരക്ഷ അതോറിറ്റിയുടെ 38- ാമത്തെ യോഗത്തിൽ തമിഴ്നാട് സർക്കാരിൽ നിന്നും ലഭിച്ച കത്തിലെ പരാമർശങ്ങൾ വിശദമായി ചർച്ച ചെയ്യുകയും പറമ്പിക്കുളം ആളിയാർ കരാറിന്റെയും നിലവിലുള്ള കോടതി കേസ്സുകളുടെയും പശ്ചാത്തലത്തിൽ ഇക്കാര്യത്തിലുള്ള നിയമവശങ്ങൾ പരിശോധിക്കുന്നതിന് കേരള

ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാൻ റിട്ട. ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായരെ ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ സർക്കാർ തലത്തിലും ഇക്കാര്യത്തിലുള്ള തമിഴ്നാടിന്റെ നിലപാടിന്റെ നിയമസാധുത പരിശോധിക്കുവാൻ നിയമവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ